**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4412** **18-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് വേണ്ടി എത്ര വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമായെന്നും അറിയിക്കാമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ ആറ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ എല്ലാം പ്രവർത്തന സജ്ജമാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിൽ പുതുതായി ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>നിലവിൽ കെ.എസ്.ഇ.ബി.-ക്ക് പദ്ധതികളൊന്നുമില്ല. സ്വകാര്യ പങ്കാളിത്തത്തോടെ കെ.എസ്.ഇ.ബി.എൽ. ചാർജ്ജിംഗ് സ്റ്റേഷനുകൾ പരിഷ്കരിക്കുന്നതിനും പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ച് വരുന്നതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.<br><br>**അനെർട്ട്**<br><br>വർദ്ധിച്ച് വരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ലീസ് വ്യവസ്ഥയിൽ ലഭ്യമായിട്ടില്ല. ദേശീയപാത/ സംസ്ഥാന പാതയോട് ചേർന്ന് 800 sq.ft മുതൽ 1000 sq.ft വരെ സ്ഥലം Cafeteria, Washroom സൗകര്യത്തോടെ 10 വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. ഇലക്ട്രിക്ക് 4 വീലറുകൾ ചാർജ് ചെയ്യുന്നതിന് 60 KW ശേഷിയുള്ള 2 gun ഉള്ള മെഷീനും ഇലക്ട്രിക്ക് 2 വീലറുകൾക്കു ഫാസ്റ്റ് ചാർജ് ചെയ്യുന്നതിനായി 12 KW ശേഷിയുള്ള LECCS മെഷീനും 12 KW ശേഷിയുള്ള LEVDC മെഷീനും സ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ